Mathrubhumi മാതൃഭൂമി | Print Edition

Kerala

# മലബാർ സിമന്റ്സ്: തുടർനടപടികളില്ലാതെ 12 കേസുകൾ

## എന്നും ഉന്നതതല ഇടപെടൽ

# കെ.വി. ശ്രീകുമാർ

Published: Oct 22, 2017, 01:00 AM IST

T- T T+

**പാലക്കാട്:** വിവിധകാലഘട്ടങ്ങളിലായി മലബാർ സിമന്റ്സിൽ നടന്ന അഴിമതിയുമായി ബന്ധപ്പെട്ട് നിലവിലുള്ളത് 12 കേസുകൾ. കുറ്റപത്രം സമർപ്പിച്ചത് ആറെണ്ണത്തിൽ. അന്വേഷണത്തിലുള്ളതും ആറെണ്ണം. എന്നാൽ തുടർനടപടികളില്ല. അന്വേഷണവും വിചാരണയും നീളുന്നത് യു.ഡി.എഫ്. എന്നോ എൽ.ഡി.എഫ്. എന്നോ വ്യത്യാസമില്ലാതെ എന്നും ഭരണതലത്തിലുള്ള ഇടപെടൽമൂലവും.

1998-99 കാലഘട്ടത്തിൽ വിദേശത്തുനിന്ന് കൽക്കരി ഇറക്കുമതി ചെയ്തതിലുണ്ടായ 1.57 കോടിയുടെ നഷ്ടം, 2003 മുതൽ തമിഴ്നാട്ടിൽനിന്ന് ചുണ്ണാമ്പുകല്ല് വാങ്ങിയതിലെ 25 കോടിയുടെ നഷ്ടം, 2004മുതൽ 2008വരെ അധികവിലനൽകി ഫ്ളൈ ആഷ് വാങ്ങിയതിലെ 27 കോടിയുടെ നഷ്ടം, ഇതേകാലയളവിൽ തമിഴ്നാട്ടിൽനിന്ന് അധിക കടത്തുകൂലി നൽകി ഫ്ലൈആഷ് കൊണ്ടുവന്നതിലുണ്ടായ 1.6 കോടിയുടെ നഷ്ടം, ചേർത്തല പ്ലാന്റിലേക്ക് ലൈനർ പ്ലേറ്റ് വാങ്ങിയതിലെ 11 കോടിയുടെ നഷ്ടം, 2003-2006 കാലഘട്ടത്തിൽ ലാമിനേറ്റഡ് സിമന്റ് ബാഗ് വാങ്ങിയതിലെ 4.59 കോടിയുടെ നഷ്ടം. ഈ ആറ് അഴിമതിക്കേസുകളിൽ വിജിലൻസ് കുറ്റപത്രം സമർപ്പിച്ച് തൃശ്ശൂർ വിജിലൻസ് കോടതിയിൽ വിചാരണ നടപടികളിലാണ്.

മലബാർ സിമന്റ്സ് വാളയാർ പ്ലാന്റിൽ മലിനീകരണ നിയന്ത്രണസംവിധാനം സ്ഥാപിച്ചതിൽ 14 കോടിയുടെ നഷ്ടം, ഫ്ലൈ ആഷ് വിതരണത്തിൽ വീഴ്ചവരുത്തിയ കമ്പനിക്ക് നിക്ഷേപത്തുക പിൻവലിക്കാൻ അനുമതി നൽകിയതുവഴി 50 ലക്ഷത്തിന്റെ നഷ്ടം, സിമന്റ് വിതരണക്കാർക്ക് അനധികൃത ഇളവുകൾ നൽകിയതുവഴിയുണ്ടായ 2.7 കോടി നഷ്ടം, 2014-2016 കാലയളവിൽ ക്ലിങ്കർ ഇറക്കുമതി ചെയ്തതിൽ 5.40 കോടിയുടെ നഷ്ടം, 2013-2014 കാലയളവിൽ വെയർഹൗസിങ് കോർപറേഷന്റെ ഗോഡൗണിൽ സിമന്റ് സൂക്ഷിച്ചതുമായി ബന്ധപ്പെട്ട 2.3 കോടിയുടെ നഷ്ടം, 2014-15 കാലയളവിൽ അസംസ്കൃതവസ്തുക്കൾ വാങ്ങിയതിൽ 18.77 കോടിയുടെ ക്രമക്കേടുമായി ബന്ധപ്പെട്ട് സി.എ.ജി റിപ്പോർട്ട്. ഈ

ആറ് കേസുകളാണ് ഇപ്പോൾ വിജിലൻസ് അന്വേഷിക്കുന്നത്.

വ്യവസായവകുപ്പ് മുൻ പ്രിൻസിപ്പൽ സെക്രട്ടറി ടി. ബാലകൃഷ്ണൻ, മലബാർ സിമന്റ്സ് മുൻ എം.ഡി.മാരായ എം. സുന്ദരമൂർത്തി, എൻ.ആർ. ബാലസുബ്രഹ്മണ്യം, കെ. പദ്മകുമാർ, എസ്.എസ്. മോനി, ജോൺ മത്തായി, പി. ഉണ്ണി എം.എൽ.എ., വ്യവസായി വി.എം. രാധാകൃഷ്ണൻ തുടങ്ങി നിരവധി പ്രതികളാണ് കേസുകളിലുള്ളത്.

കേസിൽ പ്രതികളായ പല ഉദ്യോഗസ്ഥരും ഇപ്പോഴും മലബാർ സിമന്റ്സിൽ തുടരുന്നുമുണ്ട്.

മലബാർ സിമന്റ്സ് മുൻ കമ്പനിസെക്രട്ടറി ശശീന്ദ്രന്റെയും മക്കളുടെയും മരണവും അഴിമതിയും അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടുള്ള കർമസമിതി പ്രവർത്തകനായ ജോയ് കൈതാരത്ത് മലബാർ സിമന്റ്സിലെ കേസുകൾ ഇഴയുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയെ സമീപിച്ചിരുന്നു. സർക്കാരിനും വിജിലൻസിനുമെതിരെ കോടതി നടത്തിയ രൂക്ഷവിമർശനത്തെത്തുടർന്ന് എടുത്ത കേസുകളിലാണ് അന്വേഷണം വീണ്ടും ഇഴയുന്നത്.




**SYOUV ക്വിസിൽ പങ്കെടുക്കൂ ക്ലബ് മഹീന്ദ്ര ട്രിപ്പ് സമ്മാനമായി നേടൂ**

വാഹനപ്രേമികൾക്കും സഞ്ചാരപ്രിയർക്കും ഇതാ ഒരു സുവർണാവസരം. നിങ്ങൾ ചെയ്യേണ്ടത് ഇത്രമാത്രം.

Promoted

Like 0 Share

**RELATED ARTICLES**

ഹർജികൾ വേഗം തീർപ്പാക്കണമെന്ന് ശശീന്ദ്രന്റെ സഹോദരൻ



വി.എം രാധാകൃഷ്ണന്റെ വീട്ടിലെ റെയ്ഡ്: രേഖകൾ കണ്ടെത്തി

ഉത്തരവുകൾക്ക് പുല്ലുവില; നടപടിക്ക് വിധേയരായവർ ഇപ്പോഴും മലബാർ സിമന്റ്സിൽ

മലബാർ സിമന്റ്സ് ഉദ്യോഗസ്ഥന് സസ്പെൻഷൻ